# ആരോഗ്യകല്പദ്രുമം - ചികിത്സാനുഭവങ്ങൾ

ഡോ. അബു, വടകര

ആരോഗ്യകല്പദ്രുമത്തിൽ പറയുന്ന പല യോഗങ്ങളും ഞാൻ ചികിത്സയിൽ ഉപയോഗിക്കാറുണ്ട്. സമയക്കുറവുകൊണ്ട് ഇവയിൽ ചിലതുമാത്രം നിങ്ങളുമായി പങ്കുവെയ്ക്കുവാൻ മാത്രമേ ഞാനിവിടെ മുതിരുന്നുള്ളൂ.

ത്രിഫലാദി ഗുളിക കുട്ടികളുടെ കഫജ്വരത്തിൽ കൊടുക്കാറുണ്ട്. ഏകദേശം ധാന്വന്തരം ഗുളികയുടെ വലുപ്പത്തിലാണ് ഞാനിത് ഉണ്ടാക്കാറ്. രണ്ട് ഗുളിക വീതം മൂന്ന് നേരം കൊടുത്താൽ കഫം വായിലൂടെയും മൂക്കിലൂടെയും മറ്റും പുറത്തുപോയി അസുഖം നല്ലവണ്ണം കുറഞ്ഞുവരുന്നതായ അനുഭവമുണ്ട്.

മുസ്താസുവർണ്ണാദി ഗുളിക - ജ്വരവും അപസ്മാരവും ഉള്ള സന്ദർഭത്തിൽ.

പ്രതീശ്യായത്തിലും രക്തപിത്തത്തിലും പടോലപത്രസ്വരസത്തിൽ നീരറ്റ വെണ്ണ ചേർത്ത് നെറുകയിലിടുക.

പീനസ ശിര:ശൂലയിൽ ഗുൽഗുല്വാദി വർത്തി.

കഫപീനസത്തിൽ മുസ്താദികുഴമ്പ് മൂർദ്ധാവിലിടുക.

കർണ്ണനാദത്തിൽ ശിഗ്രുപലവാദി തൈലം അദ്യംഗത്തിനും കർണ്ണപൂരണത്തിനും.

നിർഗുണ്ഡ്യാദി തൈലം പൂയകർണ്ണത്തിൽ.

ബലാകനകപത്രാദി കഷായം ഉന്മാദത്തിലും, കൂടാതെ പക്ഷവധത്തിൽ, നടക്കാനൊക്കെയായെങ്കിലും ബുദ്ധിയുടെ പ്രവർത്തനം വേണ്ടത്ര ശരിയാകാത്തഘട്ടത്തിലും കൊടുത്ത് ഫലം കണ്ടിട്ടുണ്ട്. ഒരിയ്ക്കൽ ഒരു രോഗിയ്ക്ക് പക്ഷവധമാണെന്ന് പറഞ്ഞ് ചികിത്സിയ്ക്കാൻ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. അപ്പോൾ അയാൾ ഉറക്കെ പാട്ടു പാടുകയാണ്. എന്താണെന്ന് ചോദിച്ചപ്പോൾ വയലിൽ പണിനടക്കുകയാണ്, പാട്ടുപാടിയാലേ പണി ശരിയായി നടക്കൂ എന്നയാൾ പറഞ്ഞു. പരസ്പരബന്ധമില്ലാതെ സംസാരിയ്ക്കുക, 20 വർഷം മുമ്പുള്ള കാര്യങ്ങളൊക്കെ ഓർമ്മിച്ച് പറയുക തുടങ്ങി ബുദ്ധിപരമായി തകരാറുള്ള സന്ദർഭങ്ങളിലെല്ലാം ഈ കഷായം കൊടുത്ത് അത്ഭുതകരമായ അനുഭവം ഉണ്ടായിട്ടുണ്ട്. അയ്ക്കാരിത്തേങ്ങ കിട്ടുന്ന അവസരത്തിൽ ചേർക്കാൻ പറയാറുണ്ട്. ചേർത്തില്ലെങ്കിലും കുറേയൊക്ക ഫലം കിട്ടാറുമുണ്ട്.

കരപ്പനുകളിൽ ഞാൻ വൈദ്യതാരകത്തിലെ കഷായങ്ങളാണ് കൊടുക്കാറുള്ളത്. ലേപനങ്ങൾ ആരോഗ്യകല്പദ്രുമത്തിൽ നിന്നും എടുത്ത് ഉപയോഗിയ്ക്കാറുണ്ട്.

നീലോൽപ്പലാദി തൈലം തലവേദനയ്ക്ക്

ബോധം തെളിയുന്നതിന് ദുർവാമുകുളബീജാദി നസ്യം

വാതികപീനസത്തിൽ ജീരകാദി യോഗം

കഴുത്തിന് മുകളിലുള്ള കുരുക്കൾ, കക്ഷത്തിൽ കുരു എന്നിവയ്ക്ക് നിംബപത്രാദി തൈലം

ശ്ലീപദത്തിൽ അമൃതാകരവീരാദി, ശൃംഗിവേരാദി കഷായങ്ങൾ

നെല്ലിയ്ക്കാ, പുളിയാറൽ തുടങ്ങിയവയുടെ മുക്കുടി പ്രയോഗങ്ങളും ചെയ്യാറുണ്ട്

കടീഗ്രഹത്തിൽ കരിനൊച്ചിയില സ്വരസം, ആവണക്കെണ്ണ ചേർത്ത് രണ്ടോ മൂന്നോ ദിവസം കൊടുത്തശേഷം ചികിത്സകൾ ചെയ്താൽ കൂടുതൽ ഫലം കാണാറുണ്ട്.

അർദ്ദിതത്തിൽ ചികിത്സകളെല്ലാം കഴിഞ്ഞശേഷവും കണ്ണ് തുറക്കാൻ പഴയതുപോലെയായിട്ടില്ലെങ്കിൽ കരിംകുറിഞ്ഞിവേരും ശതകുപ്പയും സമം ശീലപ്പൊടിയാക്കി വെണ്ണ ചേർത്ത് രാത്രി ഭക്ഷണശേഷം കൊടുക്കുക. ഒരു മാസത്തിനകം ഗുണം കാണാറണ്ട്.

കോഷ്ടുകശീർഷത്തിൽ, ഉമ്മത്തിൽ കായ തുരന്ന് എള്ളും ചേർത്തുള്ള പ്രയോഗം.

മന്യാസ്തംഭത്തിൽ. കുറുന്തോട്ടിവേരും കരിംകുറിഞ്ഞിവേരും പാലിൽ അരച്ച് ലേപം.

കളായഖഞ്ജനിൽ കരിംകുറിഞ്ഞിക്കഷായത്തിൽ ഗോതമ്പ് കിഴി.

പാദഹർഷത്തിൽ വചാവില്വശതാഹ്വാ ലേപം, സ്നുഹ്യർക്കാദി തൈലം.

തൂനി പ്രതുനികളിൽ പഞ്ചകോലാദി ചൂർണ്ണം.

ലോഹചൂർണ്ണാദി ഗുളിക കാമലയിൽ അതിവിശിഷ്ടമാണ്.

പനി, മൂക്കടപ്പ് എന്നിവയിൽ ത്രികടു മുരിങ്ങാസ്വരസത്തിൽ ചേർത്ത് മൂർദ്ധാവിൽ ഇടാറുണ്ട്. നെഞ്ചിൽ കഫം കെട്ടുന്നതിന് ജാതീപത്രാദി ലേപം നെഞ്ചത്തിടാറുണ്ട്.

ശരീരദൂർഗന്ധത്തിനും ചെതുമ്പൽപോലെ പൊളിയുന്നതിനും തുംഗദ്രൂമാദി തൈലം.

എരിതൈലമായുണ്ടാക്കുന്ന പ്രണരോപണ തൈലം

കാലിലുള്ള മുളയ്ക്ക് തുത്ഥ്, തുരിശ്, പടിക്കാരം, രസം എന്നിവയെല്ലാം ചേർത്തുള്ള പ്രയോഗംകൊണ്ട് ഫലം കാണാറുണ്ട്.

ഇത്രയുമാണ് ആരോഗ്യകല്പദ്രുമവുമായി ബന്ധപ്പെട്ട എന്റെ അനുഭവങ്ങൾ. ഇതോടൊപ്പം ഈയിടെ എനിയ്ക്കുണ്ടായ ഒരു ചികിത്സാനുഭവവും ഞാനിവിടെ പങ്കുവെയ്ക്കുകയാണ്. ആറുമാസം പഴക്കമുള്ള ച്ഛർദ്ദിയുമായി ഒരു രോഗി എന്റെയടുത്തുവന്നു. ആധുനികമായ എല്ലാ പരിശോധനകളും ചികിത്സകളും ചെയ്തിട്ടും ഈ ചർദ്ദി നിൽക്കുന്നില്ല. ഏതുഭക്ഷണപദാർത്ഥങ്ങളും വെള്ളം തന്നെയും കഴിച്ചാൽ ഉടനെ ചർദ്ദിയ്ക്കും. അതുകൊണ്ട് ഭക്ഷണമൊന്നും കഴിയ്ക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. ഇടയ്ക്കിടെ ആശുപത്രിയിൽ പോയി ഡ്രിപ്പ് കൊടുത്തിരുന്നു. അങ്ങനെ ആറുമാസമായി അനുഭവിച്ചുകൊണ്ടിരിയ്ക്കുന്ന അൻപത്തഞ്ചുവയസ്സുള്ള സ്ത്രീയായിരുന്നു രോഗി. കാണാൻ വന്ന ഉടനെ തന്നെ വിശ്രമിയ്ക്കണമെന്നു പറയുകയും അതിനുവേണ്ട സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തു. ആ സമയത്തും അവർ ചർദ്ദിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു. രോഗിയുടേയും രോഗത്തിന്റെയും ലക്ഷണങ്ങൾ വെച്ചുനോക്കു

മ്പോൾ അതൊരു വാതികച്ഛർദ്ദിയായാണ് എനിയ്ക്കു തോന്നിയത്. യോഗാമൃതത്തിൽ പറയുന്ന മുക്കുറ്റി, വേട്ടാളൻകൂട് ഇവ സമമരച്ച് മൂർദ്ധാവിലിടാൻ പറഞ്ഞു. അതോ ടൊപ്പം പാരമ്പര്യമായുണ്ടാക്കുന്ന 'വായുഗുഡാരസിന്ദൂരം' എന്ന ഭസ്മവും കൊടുത്തു. ഇതിൽ രണ്ടു മരുന്നുകൾ മാത്രമേയുള്ളൂ. ഒന്ന് ചായില്യവും മറ്റൊന്ന് വെടിയുപ്പുമാണ്. ശുദ്ധിചെയ്ത ചായില്യം ഒരു ഭാഗം വെടിയുപ്പ് ഒന്നരഭാഗം എടുത്ത് ചൂർണ്ണമാക്കി തയ്യാ റാക്കി വെയ്ക്കുക. ഒരു ഗ്രാം വീതം ഞെരിഞ്ഞിൽ കഷായത്തിൽ ചേർത്ത് മൂന്ന് നേര മായി കൊടുത്തു. ച്ഛർദ്ദിയിൽ പറയുന്ന തോയകല്പനകളും പറഞ്ഞുകൊടുത്തു. ഒരാഴ്ച കഴിഞ്ഞ് വിവരം പറയാൻ പറഞ്ഞ് രോഗിയെ പറഞ്ഞയച്ചു. ഒരാഴ്ച കഴിഞ്ഞ് രോഗി തിരിച്ചുവന്നപ്പോൾ അത്ഭുതമെന്നുപറയട്ടെ അന്നത്തെ ദിവസം മാത്രമേ അവർ ച്ഛർദ്ദിച്ചിട്ടുള്ളൂ. ഹിധ്മയുടെ ഒരു സ്വഭാവം കൂടിയുണ്ടായിരുന്നു. ആ സമയത്ത് യോഗാ മൃതത്തിൽ പറയുന്ന ''വരട്ടുതേങ്ങാ ചൊരിയുന്ന പാലിൽ നിലവേരു കല്ക്ക മായ്...''എന്നു പറയുന്ന തേങ്ങാപ്പാലിൽ ഭൂനാഗം കല്ക്കം ചേർത്തിട്ടുള്ള ഒരു തൈലം കാച്ചി അത് പല പ്രാവശ്യം കഴിയ്ക്കാനും ഷഡംഗം തോയവിധി പ്രകാരം തയ്യാറാക്കി അതിൽ നിന്നാവശ്യമുള്ളത്ര കഷായമെടുത്ത് അതിൽ കഞ്ഞിവെച്ച് പലപ്രാവശ്യം കൊടുക്കാനും പറഞ്ഞു. ഇങ്ങനെ രണ്ടാഴ്ച കഴിഞ്ഞ് ചെറിയ തോതിൽ ഭക്ഷണങ്ങ ളൊക്കെ കൊടുത്ത്, അത് പരിപൂർണ്ണ സുഖമായി. പിന്നീട് ആരോഗ്യപുഷ്ടിയ്ക്കു വേണ്ട ഔഷധങ്ങളും കൊടുത്തു.

ഇങ്ങനെ സൂക്ഷ്മമായി ചെയ്യാൻ സാധിച്ചാൽ നമുക്ക് മറ്റു പല വൈദ്യശാസ്ത്ര ശാഖകളിൽ നിന്നും ത്യജിച്ച രോഗികളെ അത്ഭുതകരമാംവിധം രക്ഷിയ്ക്കാൻ പറ്റും. നിരന്തരം പുസ്തകമായി ബന്ധം പുലർത്തുകയും വായിച്ചുകൊണ്ടിരിയ്ക്കുകയും അവ സ്ഥാനുസരണം പ്രയോഗിച്ചുകൊണ്ടിരിയ്ക്കുകയും ചെയ്യുന്ന ഒരു ഗവേഷണബുദ്ധി നിലനിർത്തേണ്ടത് അത്യാവശ്യമായിരിക്കുന്നു.